(സി) 26-5-2015-ൽ നിലവിൽ വന്ന സബ് ഇൻസ്പെക്ടർ (കാറ്റഗറി നമ്പർ 253/14) റാങ്ക് ലിസ്റ്റ് വനിതകളും പുരുഷന്മാരും ഉൾപ്പെട്ട സംയോജിത (integrated) റാങ്ക് ലിസ്റ്റാണ്. ഇതിൽ നിന്നും ക്രമപ്രകാരം മാത്രമേ നിയമനം നടത്തുവാൻ കഴിയുകയുള്ളൂ. വനിതകൾക്ക് മാത്രമായി നിയമനം നടത്തുവാൻ കഴിയുകയില്ല. 09.10.2014-ൽ റിപ്പോർട്ട് ചെയ്ത 30 വനിതാ സബ് ഇൻസ്പെക്ടർമാരുടെ ഒഴിവുകൾ നികത്തുന്നതിനായി പ്രത്യേക വിജ്ഞാപനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നതായി കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ അറിയിച്ചിട്ടുണ്ട്.

കാലാവധി നീട്ടിയ പി.എസ്.സി. ലിസ്റ്റുകൾ

82(53) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര പി.എസ്.സി. ലിസ്റ്റുകളുടെ കാലാവധിയാണ് നീട്ടി നൽകിയത്; ഇതിലൂടെ എത്ര പേർക്കാണ് നിയമനം ലഭിച്ചത് എന്ന് അറിയിക്കാമോ?

ഉത്തരം

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ദീർഘിപ്പിച്ച റാങ്ക് പട്ടികകളുടെ എണ്ണം ചുവടെ ചേർക്കുന്നു:

As on 31/03/2013-815

As on 29/06/2014-1170

As on 30/09/2015-815

ടി റാങ്ക് പട്ടികയിൽ നിന്നും നിയമന ശിപാർശ ചെയ്യപ്പെട്ടവരുടെ എണ്ണം കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ല.

സർവ്വീസിൽ നിന്നും വിരമിച്ചവരുടെ വിവരങ്ങൾ

83 (54) ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സർവ്വീസിൽ നിന്നും റിട്ടയർ ചെയ്തവരുടെ എണ്ണം ലഭ്യമാക്കുമോ; പ്രസ്തുത വിവരം ലഭ്യമാക്കുന്നതിന് എന്തെങ്കിലും തടസ്സം ഉണ്ടോ ;ഇല്ലെങ്കിൽ വിശദാംശങ്ങൾ ശേഖരിച്ച് വെളിപ്പെടുത്താമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

സ്പാർക്കിൽനിന്നും ലഭ്യമാക്കിയ വിവരമനുസരിച്ച് 31-5-2011 മുതൽ 31-1-2016 വരെ സർവ്വീസിൽ നിന്നും 84418 പേർ റിട്ടയർ ചെയ്തിട്ടുണ്ട്.

സിവിൽ സർവ്വീസ് ഉദ്യോഗസ്ഥമേഖല

84 (55) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സിവിൽ സർവ്വീസ് ഉദ്യോഗസ്ഥമേഖല അഴിമതി രഹിതവും കാര്യക്ഷമവും ആക്കുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ;

(ബി) മുഖ്യമന്ത്രി, മന്ത്രിമാർ, ചീഫ് സെക്രട്ടറി, ഡി.ജി.പി. എന്നിവരെ ആരെയെങ്കിലും സംബന്ധിച്ച് സംസ്ഥാന സിവിൽ സർവ്വീസിലെ ഏതെങ്കിലും ഉദ്യോഗസ്ഥൻ പരാതി നൽകിയിട്ടുണ്ടോ; എങ്കിൽ പരാതി നൽകിയ ഉദ്യോഗസ്ഥർ ആരെല്ലാമാണ്; ഇവരുടെ പരാതികൾ എന്തെല്ലാം ; വിശദമാക്കാമോ;

(സി) നിലവിൽ ഡി.ജി.പി. റാങ്കിൽ എത്തിയ എത്ര ഐ.പി.എസ് ഉദ്യോഗസ്ഥരുണ്ട്; ഇവരിൽ ഡി.ജി.പി. റാങ്കിലെ വേതനം ലഭിക്കുന്ന തസ്തികകളിൽ നിയമനം നൽകിയത് ആർക്കെല്ലാം; നിയമനം നൽകാതിരുന്നത് ആർക്കെല്ലാം; വ്യക്തമാക്കാമോ;

(ഡി) ഡി.ജി.പി. റാങ്കിലുള്ളവരെ നിയമിക്കേണ്ട തസ്തികകളിൽ എ.ഡി.ജി.പി റാങ്കിലുള്ളവരെ നിയമിച്ചത് സംബന്ധിച്ച് ഏതെല്ലാം ഉദ്യോഗസ്ഥർ ചീഫ് സെക്രട്ടറിക്കും മുഖ്യമന്ത്രിക്കും ആഭ്യന്തര മന്ത്രിക്കും പരാതി നൽകിയിട്ടുണ്ട്; ഇതിന്മേൽ ഇതുവരെ സ്വീകരിച്ച നടപടികൾ എന്തെല്ലാം ; വ്യക്തമാക്കാമോ?

ഉത്തരം

(എ) അഖിലേന്ത്യാ സർവ്വീസ് ഉദ്യോഗസ്ഥരുടെ കാര്യക്ഷമത വർദ്ധിപ്പിക്കുവാനായി കേന്ദ്ര സർക്കാരിന് കീഴിലുള്ള സ്ഥാപനങ്ങൾ നടത്തുന്ന വിവിധ പരിശീലന പരിപാടികളിൽ പങ്കെടുക്കുന്നതിന് അനുമതി നൽകുന്നുണ്ട്. കൂടാതെ സിവിൽ സർവ്വീസ് മേഖല അഴിമതിരഹിതമാക്കാനും ആഭ്യന്തര പ്രശ്നങ്ങൾ ഒഴിവാക്കാനും ഉദ്യോഗസ്ഥരെ നിരീക്ഷിക്കുകയും അഴിമതി ക്കാർക്കെതിരെ അച്ചടക്കനടപടി സ്വീകരിക്കുകയും ചെയ്യുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly